**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2393 - 13.02.2013-ലെ മറുപടിക്ക്**

## പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ

**ചോദ്യം**

**ശ്രീ. റ്റി. വി. രാജേഷ്**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| സംസ്ഥാന സർക്കാർ നിയോഗിച്ച പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ട് ഏതു വിധത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ? | സംസ്ഥാന സർക്കാർ നിയോഗിച്ച 3-ാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 1-ാം റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെപ്പറയുന്നവയാണ്.<br>• ചെക്ക്പോസ്റ്റുകൾ വഴിയുള്ള നികുതി പിരിവ് കൂടുതൽ ഊർജ്ജിതമാക്കാനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി `ഓപറേഷൻ പാലക്കാട് ഗാപ് 2006-07 ; ഓപറേഷൻ ഇൻ & ഔട്ട് 2010-11 പോലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനും ആവശ്യമുള്ളയിടങ്ങളിൽ നിരീക്ഷണ ക്യാമറകളും വെയ്ബ്രിഡ്ജുകളും പോലുളള സംവിധാനങ്ങൾ സ്ഥാപിക്കാനും കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നു.<br>• നികുതിയേതര വരുമാനത്തിന് ഉയർന്ന സാധ്യതകൾ ഉണ്ടെങ്കിലും അതിന്റെ സമാഹരണം രാജ്യത്തെ മറ്റെല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ച് വളരെ കുറവാണ്. അതിനാൽ ഒരു വിദഗ്ദ്ധ സമിതിയുടെ സമഗ്രമായ പഠനം കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br>• ഓരോ അഞ്ചുവർഷം കൂടുമ്പോഴുമുളള ശമ്പളപരിഷ്കരണം കാരണം ശമ്പളത്തിലും പെൻഷനിലും ഉണ്ടാകുന്ന ഭീമമായ ചെലവാണ് സംസ്ഥാനത്തിന്റെ തുടർച്ചയായ റവന്യൂ, ധനകമ്മികൾക്കുളള അടിസ്ഥാന |

കാരണം. സംസ്ഥാനത്തിന്റെ ധനസ്ഥിതി പരിഗണിച്ച് കമ്മിറ്റി ഇങ്ങനെ ശുപാർശ ചെയ്യുന്നു.

i) കേന്ദ്രസർക്കാർ പിൻതുടരുന്നതുപോലെ ശമ്പളത്തിന്റെയും പെൻഷന്റെയും പരിഷ്കരണങ്ങൾ 10 വർഷത്തിലൊരിക്കൽ ആക്കുക

ii) ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കുന്നതിലൂടെയും ശമ്പളവും പെൻഷനും സാമൂഹ്യക്ഷേമപദ്ധതികളും ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിലൂടെയും, ഒദ്യോഗിക ആശയവിനിമയത്തിന് ഇ-മെയിൽ സംവിധാനം ഉപയോഗിക്കുന്നതിലൂടെയും ചെലവ് ചുരുക്കുക

iii) വാച്ച് ആന്റ് വാർഡ്, ശുചീകരണം, ഉദ്യാന സംരക്ഷണം, ഉദ്യോഗസ്ഥരുടെ യാത്ര, കത്തുകളുടെ വിതരണം മുതലായ അനുബന്ധ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് ദീർഘകാല സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ കരാർ അടിസ്ഥാനത്തിൽ ആക്കുകയോ പുറം കരാർ നൽകുകയോ ചെയ്യുക.

- ദീർഘകാല സാമ്പത്തിക സ്ഥിരത കൈവരിയ്ക്കുന്നതിന് കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തേണ്ടതാണ്.
- മൊത്തം ശമ്പള ഇനത്തിലുള്ള ചെലവിന്റെ പകുതിയിലധികവും വിദ്യാഭ്യാസ മേഖലയിലാണ് ചെലവഴിക്കുന്നത്. ഈ മേഖലയിലെ അനാവശ്യ ചെലവുകൾ നിയന്ത്രണ വിധേയമാക്കേണ്ടതാണ്.
- ജൂൺ ജൂലൈ മാസങ്ങളിൽ സംസ്ഥാന ബജറ്റ് പാസാക്കുന്നത് മൂലം വകുപ്പുകൾ

| | |
|---|---|
| | പദ്ധതികൾക്ക് ഭരണാനുമതി നൽകി നടപ്പാക്കുമ്പോൾ കാലതാമസം നേരിടുന്നു. ആയതിനാൽ ബജറ്റ് എല്ലാ വർഷവും മാർച്ച് മാസത്തിൽ പാസാക്കുന്നതിനാവശ്യമായ നടപടി കൈകൊള്ളേണ്ടതാണ്.<br>• സംസ്ഥാന ബജറ്റിനുശേഷം വിവിധ പദ്ധതികൾക്ക് സപ്ലിമെന്ററി ഡിമാന്റ്സി ലൂടെ ഗണ്യമായ വർദ്ധനവ് നൽകുന്നത് സംസ്ഥാനത്തിന്റെ യഥാർത്ഥ പദ്ധതി പ്രവർത്തനങ്ങളുടെ മുൻഗണനയെയും നടത്തിപ്പിനെയും പ്രതികൂലമായി ബാധിക്കു ന്നതിനാൽ ഇത് നിരുൽസാഹപ്പെടുത്താനും ബജറ്റ് പ്രസംഗത്തിൽ പറയുന്ന പ്രവർത്തന ങ്ങൾക്കുമാത്രമായി സപ്ലിമെന്ററി ഡിമാന്റിലെ നിർദ്ദേശങ്ങൾ പരിമിതപ്പെടു ത്താനും ശുപാർശ ചെയ്തിരി ക്കുന്നു.<br>• മന്ദഗതിയിലുള്ള പദ്ധതി നടത്തിപ്പിന്റെ പ്രധാന കാരണം നിലവിലുള്ള ടെണ്ടർ നടപടികളിലെ കാലതാമസമായതിനാൽ എല്ലാ പദ്ധതി പ്രവർത്തനങ്ങൾക്കുമുള്ള ടെണ്ടർ സമർപ്പണം അടിയന്തിരമായി ഇ-ടെണ്ടറിംഗ് വഴി ആക്കുവാൻ ശുപാർശ ചെയ്തിരിക്കുന്നു.<br>• വായ്പകൾ തെരഞ്ഞെടുക്കുമ്പോൾ കുറഞ്ഞ പലിശ നിരക്കായിരിക്കണം മാനദണ്ഡ മായിരിക്കേണ്ടത്.<br>• വർദ്ധിച്ചുവരുന്ന പലിശ ഭാരം കണക്കി ലെടുത്തും കുറഞ്ഞ ചെലവ് ലക്ഷ്യമാക്കി ക്കൊണ്ടും സംസ്ഥാനത്തിന്റെ വായ്പാ ഘടന പുനക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. |

| | |
|---|---|
| | കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം, നടപ്പാക്കൽ, കുറഞ്ഞ നിരക്കിലുള്ള വായ്പ എടുക്കൽ, നികുതിയേതര വരുമാനങ്ങളുടെ പരിഷ്കരണം, ഇ-ഗവേണൻസ്, ബാങ്കുകൾ വഴിയുള്ള ശമ്പള വിതരണം തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ ഇതിനകം തന്നെ തീരുമാനം എടുത്ത് നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ